**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 301** **29-01-2024 - ൽ മറുപടിയ്ക്ക്**

**റേഷൻകടകളിലൂടെയുള്ള ഫോർട്ടിഫൈഡ് അരി വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റേഷൻ കടകളിലൂടെ ഫോർട്ടിഫൈഡ് അരി വിതരണം ചെയ്യുന്നുണ്ടോ; അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സംബന്ധിച്ച വിശദാംശം അറിയിക്കാമോ; | (എ) | ഉണ്ട്. ജനങ്ങളിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിലേക്കായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് രാജ്യമൊട്ടാകെ നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്. |
| (ബി) | ഫോർട്ടിഫൈഡ് അരിയുടെ വിതരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ എന്തെങ്കിലും നിർദേശം നല്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | ഉണ്ട്. മൂന്ന് ഘട്ടങ്ങളിലായാണ് സമ്പുഷ്ടീകരിച്ച അരി ലഭ്യമാക്കുന്ന പദ്ധതി വിഭാവനം ചെയ്യുന്നത്. പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ (2023-24) 2024 മാർച്ചോടെ രാജ്യമൊട്ടാകെ പൊതുവിതരണ സമ്പ്രദായം വഴി ഫോർട്ടിഫൈഡ് അരി വിതരണം നടത്തുന്നുവെന്ന് ഉറപ്പുവരുത്തണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഫോർട്ടിഫൈഡ് അരിയുടെ ഉപയോഗവുമായി ബന്ധപ്പെട്ട ആശങ്കകൾ പഠിക്കുന്നതിന് സമിതിയെ നിയോഗിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. തലാസീമിയ, സിക്കിൾ സെൽ അനീമിയ രോഗികൾക്ക് ഫോർട്ടിഫൈഡ് അരിയുടെ ഉപയോഗം ദോഷകരമാകുമെന്ന ആശങ്കയെ തുടർന്ന് ഇത്തരം രോഗികൾക്ക് ഫോർട്ടിഫൈഡ് അരി വിതരണം ചെയ്യേണ്ടതില്ലെന്ന് തീരുമാനിക്കുകയും പ്രസ്തുത വിഷയം സംബന്ധിച്ച് പഠനം നടത്തുന്നതിനായി സ.ഉ (സാധാ) 233/2023/ ആ.കു.വ തീയതി 31.01.2023 പ്രകാരം മെഡിക്കൽ എഡ്യുക്കേഷൻ ഡയറക്ടർ ചെയർമാനായും അഡീഷണൽ ഹെൽത്ത് സർവ്വീസ് ഡയറക്ടർ (പബ്ലിക്ക് ഹെൽത്ത്) കൺവീനറായും വിദഗ്ദ്ധ സമിതി രൂപീകരിക്കുകയുണ്ടായി. സമിതിയുടെ റിപ്പോർട്ടിൽ, തലാസീമിയ രോഗികൾക്ക് ഫോർട്ടിഫൈഡ് അരി വിതരണം ചെയ്യേണ്ടതില്ലെന്നും, സിക്കിൾ സെൽ അനീമിയ രോഗികൾക്ക് മെഡിക്കൽ മേൽനോട്ടത്തിൽ മാത്രമേ ഫോർട്ടിഫൈഡ് അരി വിതരണം ചെയ്യാവൂ എന്നും ശുപാർശ ചെയ്യുന്നു. ആരോഗ്യവകുപ്പ് തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് തലാസീമിയ, സിക്കിൾ സെൽ അനീമിയ |

| | | | |
|---|---|---|---|
| | | | രോഗികളുടെ പരിശോധന ശക്തിപ്പെടുത്താൻ സമിതി ശുപാർശ ചെയ്തിട്ടുണ്ട്. സമ്പുഷ്ടീകരിച്ച ഭക്ഷ്യധാന്യങ്ങളുടെ ഗുണങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ വിപുലമായ ബോധവൽക്കരണം നടത്തണമെന്നും തലാസീമിയ, സിക്കിൾ സെൽ അനീമിയ രോഗികൾക്ക് ഇരുമ്പ് ഒഴികെയുള്ള സൂക്ഷ്മ പോഷകങ്ങൾ കൊണ്ട് സമ്പുഷ്ടമാക്കിയ ഭക്ഷ്യധാന്യങ്ങൾ ഉറപ്പാക്കണമെന്നും, പൊതുവിതരണ സമ്പ്രദായത്തെ ആശ്രയിക്കാത്ത ആളുകൾക്ക് മിതമായ നിരക്കിൽ സമ്പുഷ്ടീകരിച്ച ഭക്ഷ്യധാന്യങ്ങളുടെ വിപണി ലഭ്യത ഉറപ്പാക്കണ മെന്നും സമിതി ശുപാർശ ചെയ്തിട്ടുണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭ്യമാണോ; റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകളും ശിപാർശകളും സംബന്ധിച്ച വിശദാംശം അറിയിക്കാമോ? | (ഡി) | ഉണ്ട്. തലാസീമിയ, സിക്കിൾ സെൽ അനീമിയ രോഗികൾക്ക് ഫോർട്ടിഫൈഡ് അരിയുടെ ഉപയോഗം ദോഷകരമാകുമെന്ന ആശങ്കയെ തുടർന്ന് ഇത്തരം രോഗികൾക്ക് ഫോർട്ടിഫൈഡ് അരി വിതരണം ചെയ്യേണ്ടതില്ലെന്ന് തീരുമാനിക്കുകയും പ്രസ്തുത വിഷയം സംബന്ധിച്ച് പഠനം നടത്തുന്നതിനായി സ.ഉ (സാധാ) 233/2023/ ആ.കു.വ തീയതി 31.01.2023 പ്രകാരം മെഡിക്കൽ എഡ്യുക്കേഷൻ ഡയറക്ടർ ചെയർമാനായും അഡീഷണൽ ഹെൽത്ത് സർവ്വീസ് ഡയറക്ടർ (പബ്ലിക്ക് ഹെൽത്ത്) കൺവീനറായും വിദഗ്ധ സമിതി രൂപീകരിക്കുകയുണ്ടായി. സമിതിയുടെ റിപ്പോർട്ടിൽ, തലാസീമിയ രോഗികൾക്ക് ഫോർട്ടിഫൈഡ് അരി വിതരണം ചെയ്യേണ്ടതില്ലെന്നും, സിക്കിൾ സെൽ അനീമിയ രോഗികൾക്ക് മെഡിക്കൽ മേൽനോട്ടത്തിൽ മാത്രമേ ഫോർട്ടിഫൈഡ് അരി വിതരണം ചെയ്യാവൂ എന്നും ശുപാർശ ചെയ്യുന്നു. ആരോഗ്യവകുപ്പ് തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് തലാസീമിയ, സിക്കിൾ സെൽ അനീമിയ രോഗികളുടെ പരിശോധന ശക്തിപ്പെടുത്താൻ സമിതി ശുപാർശ ചെയ്തിട്ടുണ്ട്. സമ്പുഷ്ടീകരിച്ച ഭക്ഷ്യധാന്യങ്ങളുടെ ഗുണങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ വിപുലമായ ബോധവൽക്കരണം നടത്തണമെന്നും തലാസീമിയ, സിക്കിൾ സെൽ അനീമിയ രോഗികൾക്ക് ഇരുമ്പ് ഒഴികെയുള്ള സൂക്ഷ്മ പോഷകങ്ങൾ കൊണ്ട് സമ്പുഷ്ടമാക്കിയ ഭക്ഷ്യധാന്യങ്ങൾ ഉറപ്പാക്കണമെന്നും, പൊതുവിതരണ സമ്പ്രദായത്തെ ആശ്രയിക്കാത്ത ആളുകൾക്ക് മിതമായ നിരക്കിൽ സമ്പുഷ്ടീകരിച്ച ഭക്ഷ്യധാന്യങ്ങളുടെ വിപണി ലഭ്യത ഉറപ്പാക്കണ മെന്നും സമിതി ശുപാർശ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ